ഉത്തരം

(എ) ഉണ്ട്.

(ബി) 146 കുട്ടികൾ ഇപ്രകാരം ടി. സി. വാങ്ങി പോയിട്ടുണ്ടെന്ന് ഇടുക്കി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ ഇത്തരം മേഖലകൾക്ക് പ്രത്യേക പരിഗണന നൽകാറുണ്ട്.

പരപ്പനങ്ങാടി തീരപ്രദേശത്ത് യു. പി. സ്കൂൾ പഠനത്തിന് സൗകര്യമൊരുക്കൽ

96 [1506] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി പഞ്ചായത്തിലെ പത്ത് കിലോമീറ്ററോളം വിസ്തൃതിയുള്ളതും ഏഴ് വാർഡുകൾ ഉൾപ്പെട്ടതും പതിനായിരത്തോളം ജനങ്ങൾ താമസിക്കുന്നതുമായ തീരപ്രദേശത്ത് യു. പി. സ്കൂൾ പഠനത്തിന് സൗകര്യങ്ങൾ ഇല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് യു. പി. സ്കൂൾ പഠനം നിഷേധിക്കപ്പെടുകയാണെന്ന കാര്യം സർക്കാർ കണക്കിലെടുക്കുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ പരപ്പനങ്ങാടി തീരപ്രദേശത്തെ ഫിഷറീസ് ജി.എം.എൽ.പി.എസ്., പുത്തൻകടപ്പുറം ജി. എം. എൽ. പി. എസ്., ടൗൺ ജി. എം. എൽ. പി. എസ്. എന്നീ എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്ന അവസരത്തിൽ ഇക്കാര്യം കണക്കിലെടുക്കുന്നതാണ്.

(സി) സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം അർഹതാടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly